വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

197 (564) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷമായി അടച്ചുപൂട്ടിയ കൊരട്ടിയിലെ വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ന്യായമായ കോമ്പൻസേഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, കമ്പനി പാട്ടത്തിനെടുത്ത് പ്രവർത്തിച്ചിരുന്നതുമായ സ്ഥലം സർക്കാരിന് തിരികെ ലഭിക്കുന്നതടക്കമുള്ള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളിലെടുത്ത തീരുമാനം നടപ്പാക്കുന്നതിനായി, എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ നീക്കി തൊഴിലാളികൾക്ക് ന്യായമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനും, ഭൂമി ഏറ്റെടുക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റ് എന്ന നിലയിൽ ഗ്രാറ്റുവിറ്റിയും റിട്രഞ്ച്മെന്റ് കോമ്പൻസേഷനും എല്ലാ തൊഴിലാളികൾക്കും നൽകിയിട്ടുണ്ട്. എല്ലാ തൊഴിലാളികളുടെയും പി.എഫ്. പിൻവലിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് 9 മാസത്തെ ബോണസും ലീവ് സറണ്ടർ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം

198 (565) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം എന്നാണ് ചെയ്തിട്ടുള്ളത് ;വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് നാളിതുവരെയായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly